**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |
| (എ) | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാനായി കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | നിലവിൽ ജില്ലാ നിയമസേവന അതോറിറ്റികൾ മുഖേനയും താലൂക്ക് നിയമ സേവന കമ്മിറ്റികൾ വഴിയും സംസ്ഥാനത്തിന്റെ എല്ലായിടത്തും നിയമാവബോധന ക്ലാസുകൾ നിരന്തരമായി നടത്തിവരുന്നുണ്ട്. കൂടുതൽ നിയമാവബോധന ക്ലാസുകൾ സംഘടിപ്പിക്കുവാൻ പരിശ്രമിക്കുന്നതാണ്. |
| (ബി) | കോടതി കേസുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | The Legal Services Authorities Act, 1987 സെക്ഷൻ 12 പ്രകാരം മാനദണ്ഡങ്ങൾ പാലിക്കുന്ന വ്യക്തികൾക്ക് സൗജന്യ നിയമ സഹായങ്ങൾക്ക് അർഹതയുണ്ടായിരിക്കും. സൗജന്യ നിയമ സഹായത്തിന് അർഹരായവർ താഴെ പ്രതിപാദിച്ചിരിക്കുന്നവരാണ്-<br><br>(a) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്നവർ,<br>(b) ഭരണഘടനയുടെ 23-ാം ആർട്ടിക്കിളിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യക്കടത്തിന് ഇരയായവരും, ഭിക്ഷാടനം നടത്തുന്നവരും<br>(c) സ്ത്രീകൾ അല്ലെങ്കിൽ കുട്ടികൾ,<br>(d) മാനസിക വൈകല്യമോ അല്ലെങ്കിൽ ശാരീരിക വൈകല്യമോ ബാധിച്ച വ്യക്തികൾ, മുതലായവർ.<br>(e) വെള്ളപ്പൊക്കം, വരൾച്ച, ഭൂകമ്പം, വംശീയ അക്രമം, ജാതി അതിക്രമങ്ങൾ അല്ലെങ്കിൽ വ്യാവസായിക ദുരന്തം എന്നിവയുടെ ഇരകൾ, അല്ലെങ്കിൽ<br>(f) ഇൻഡസ്ട്രിയൽ വർക്ക്മാൻ അല്ലെങ്കിൽ<br>(g) ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് 1956-ന്റെ (1956-ലെ 104) വകുപ്പ് 2, ഖണ്ഡം (ജി) പ്രകാരം പ്രൊട്ടക്റ്റീവ് ഹോമിൽ കസ്റ്റഡിയിലുള്ളവരോ; അല്ലെങ്കിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് 1986 (1986-ലെ |

| | | | |
|---|---|---|---|
| | | | 53) വകുപ്പ് 2, ഖണ്ഡം (ജെ) പ്രകാരം ജുവനൈൽ ഹോമിൽ കസ്റ്റഡിയിലുള്ളവരോ; അല്ലെങ്കിൽ മെന്റൽ ഹെൽത്ത് ആക്റ്റ് 1987 (1987-ലെ 14) വകുപ്പ് 2, ഖണ്ഡം (ജി) പ്രകാരം സൈക്കാട്രിക് ഹോസ്പിറ്റലിലോ സൈക്കാട്രിക് നഴ്സിങ് ഹോമിലോ കസ്റ്റഡിയിലുള്ളവരോ; ഉൾപ്പെടെ കസ്റ്റഡിയിലുള്ളവർ.<br>(h) സുപ്രീംകോടതി അല്ലാത്ത മറ്റൊരു കോടതിക്ക് മുമ്പുള്ള കേസുകളിൽ 300000 / -രൂപയിൽ താഴെ അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഉയർന്ന തുക വാർഷിക വരുമാനമുള്ളവർ, സുപ്രീംകോടതിക്ക മുമ്പാകെയുള്ള കേസുകളിൽ 500000/- രൂപയിൽ താഴെ അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഉയർന്ന തുക വാർഷിക വരുമാനമുള്ളവർക്കും സൗജന്യമായി നിയമസഹായം നൽകിവരുന്നു. |
| (സി) | 2023-24 കാലഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് പ്രസ്തുത അതോറിറ്റി മുഖേന നിയമ സഹായം നൽകിയിട്ടുണ്ട്; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 15706 കേസുകളിൽ അർഹരായ ആളുകൾക്ക് സൗജന്യമായി അഭിഭാഷകരെ നിയമിച്ചു കൊടുത്തിട്ടുണ്ട് കൂടാതെ ഇരുപത്തിനായിരത്തിൽപ്പരം കേസുകളിൽ സൗജന്യമായി നിയമോപദേശം നൽകിയിട്ടുണ്ട്. |
| (ഡി) | തർക്കങ്ങൾ കോടതിക്കു പുറത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ അത്തരം അദാലത്തുകളിൽ നിന്നും ലഭിച്ച അറിവുകൾ വിവിധ കോടതികളിൽ കെട്ടിക്കിടപ്പുള്ള ലക്ഷക്കണക്കിന് കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നാൽസയുടെ (NALSA) നിർദ്ദേശപ്രകാരം വർഷത്തിൽ നാലു തവണ നാഷണൽ ലോക് അദാലത്തുകളും കൂടാതെ ജില്ലാ നിയമസേവന അതോറിറ്റികൾ മുഖേനയും താലൂക്ക് നിയമ സേവന കമ്മിറ്റികൾ മുഖേനയും ഹൈ കോർട്ട് നിയമ സേവന അതോറിറ്റി മുഖേനയും അദാലത്തുകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത അദാലത്തുകളിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ